## പതിമൂന്നാം കേരള നിയമസഭ

### നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **2327**

**23.03.2012 ൽ** മറുപടിക്ക്

### സംസ്ഥാന പൊതുമേഖലാസ്ഥാപനങ്ങളുടെ വളർച്ചയ്ക്കായി ആവിഷ്കരിച്ച പുതിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ. ഗുരുദാസൻ<br>'' എളമരം കരീം<br>'' എം. ഹംസ<br>'' കെ. കുഞ്ഞിരാമൻ(ഉദുമ) | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന പൊതുമേഖലാസ്ഥാപനങ്ങളുടെ വളർച്ചയ്ക്കായി എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) ഉണ്ട്.<br>വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനം ചർച്ച ചെയ്യാൻ ശില്പശാല സംഘടിപ്പിക്കുകയുണ്ടായോ; എങ്കിൽ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കാമോ;<br><br>(സി) പ്രസ്തുത നിർദ്ദേശങ്ങൾ സർക്കാർ തലത്തിൽ പരിശോധിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | **(ബി) & (സി)**<br>കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ മാതൃകയിൽ MOU സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികളേയും ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ശിൽപ്പശാല19.10.11 ൽ നടത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാന ത്തിൽ MoU സംവിധാനം നടപ്പിലാക്കാൻ സാധിക്കുന്ന സ്ഥാപനങ്ങളിൽ ഈ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആദ്യഘട്ടമായി 21 പൊതു മേഖലാ സ്ഥാപനങ്ങളിൽ MoU സംവിധാനം നടപ്പിലാക്കുന്നതിനായിട്ടുള്ള തുടർശില്പശാല 7.2.12ലും നടത്തുകയുണ്ടായി MoU സംവിധാനം നടപ്പിലാക്കുന്നതിനായി തിരഞ്ഞെടുത്ത 21 പൊതുമേഖലാസ്ഥാപനങ്ങളിൽ ഈ സംവിധാനം നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ഉന്നതാധികാര സമിതിയുടെ രൂപീകരണത്തിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട് |

ങ്കിലും പുതിയ നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

അവലോകനം നടത്താനും ഡയറക്ടർ ബോർഡുകളിലും ഉയർന്ന തസ്തികകളിലും യോഗ്യതയും പരിചയസമ്പത്തും ഉള്ളവരെ ഉൾപ്പെടുത്താനും ഉദ്ദേശിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസും റീസ്ട്രക്ച്ചറിംഗ് ആന്റ് ഇന്റേണൽ ആഡിറ്റ് ബോർഡും സംയോജിപ്പിച്ച് ഒരു പബ്ലിക് സെക്ടർ എന്റർപ്രൈസ് ബോർഡ് രൂപീകരിക്കു ന്നതിനും ഉദ്ദേശിക്കുന്നു

സെക്ഷൻ ഓഫീസർ

## അനുബന്ധം

പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം ലാഭകരമാക്കുന്നതിനും കാര്യക്ഷമതയും ഉറപ്പുവരുത്താൻ പ്രവർത്തന അവലോകനം നടത്തുവാനും ഡയറക്ടർ ബോർഡുകളിലും ഉയർന്ന തസ്തികകളിലും യോഗ്യതയും പരിചയസമ്പത്തും ഉള്ളവരെ ഉൾപ്പെടുത്താനും ഉദ്ദേശിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസും റീസ്ട്രക്ച്ചറിംഗ് ആന്റ് ഇന്റേണൽ ആഡിറ്റ് ബോർഡും സംയോജിപ്പിച്ച് ഒരു പബ്ലിക് സെക്ടർ എന്റർപ്രൈസ് ബോർഡ് രൂപീകരിക്കുന്നതിനു ഉദ്ദേശിക്കുന്നു

കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ മാതൃകയിൽ MOU സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. MOU സംവിധാനം നടപ്പിലാക്കുന്നതു വഴി വ്യവസായ പൊതുമേഖലാസ്ഥാപനങ്ങളുടെ ഉൽപ്പാദനക്ഷമത, വിറ്റുവരവ്, ലാഭം, സാമ്പത്തിക അച്ചടക്കം, ഉൽപ്പന്നത്തിന്റെ ഗുണമേന്മയും അംഗീകാരവും, തൊഴിലാളി-മാനേജ്മെന്റ് ബന്ധം, R&D, സാമ്പത്തിക സ്ഥാപനങ്ങളുമായുള്ള ബന്ധം, സാമൂഹിക പ്രതിബദ്ധത എന്നീ മേഖലകളിൽ വ്യവസായങ്ങൾ കൈവരിക്കേണ്ട നേട്ടങ്ങൾ മുൻ കൂട്ടി നിശ്ചയിച്ച് വിലയിരുത്തുന്നതുകൊണ്ട് കമ്പനികളുടെ മൊത്തത്തിലുള്ള പ്രവർത്തന ക്ഷമതയും സുതാര്യതയും വർദ്ധിക്കുന്നതാണ്.

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ ഇടപാടുകളിൽ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കുന്നതിന് ഇലക്ട്രോണിക് പ്രൊക്യൂർമെന്റ് സംവിധാനം നടപ്പിലാക്കുന്നതാണ്.

ടെക്സ്റ്റൈൽ മേഖലയുടെ സമഗ്ര പുനരുദ്ധാരണത്തിനായി 60 കോടി രൂപയുടെ പ്രത്യേക പാക്കേജ് ആവിഷ്കരിച്ചു നടപ്പിലാക്കും.

മലബാർ സിമന്റ്സിൽ ലഭ്യമായിട്ടുള്ള വിവരസാങ്കേതിക സാങ്കേതിക സൗകര്യങ്ങൾ ഉപയോഗിച്ച് മറ്റു പൊതുമേഖലാസ്ഥാപനങ്ങളിൽ E-tendering, e-procurement എന്നീ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

കേന്ദ്ര പൊതുമേഖലയുമായുള്ള സംയുക്തസംരഭങ്ങളായ SCL-SAIL, Autokast-Railway എന്നീ പദ്ധതികൾ പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

Accountant General മായി യോജിച്ചുകൊണ്ടുള്ള പെർഫോമൻസ് ആഡിറ്റ് സംവിധാനം രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ